**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5150** **21-03-2025 - ൽ മറുപടിയ്ക്ക്**

**കാർഷികാവശ്യത്തിനായുള്ള വൈദ്യുതിക്ക് സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷികാവശ്യത്തിനായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് സബ്സിഡി നൽകുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | **ഉണ്ട്. 1995-96 സാമ്പത്തിക വർഷം മുതൽ നെൽകൃഷിക്ക് ഉപയോഗിക്കുന്ന വൈദ്യുതിക്ക് കർഷകർക്ക് സൗജന്യം അനുവദിച്ച് അനുമതി നൽകിയിരുന്നു. ഈ സൗജന്യം മറ്റ് വിളകൾക്ക് കൂടി 01.04.1997 മുതൽ മുൻകാലപ്രാബല്യത്തോടെ നൽകാൻ അനുമതി നൽകുകയും അതിൻപ്രകാരം 2 ഹെക്ടർ വരെയുള്ള എല്ലാ കാർഷിക വിളകൾക്കും ഇത് ലഭിക്കുന്നുണ്ട്. കൂടാതെ 1 സെന്റ് മുതൽ 10 സെന്റ് വരെയുള്ള പോളി ഹൗസുകൾക്കും ഈ ആനുകൂല്യം നൽകുന്നുണ്ട്.** |
| (ബി) | കാർഷിക മേഖലയിലെ പുതിയ കർഷകർക്ക് പ്രസ്തുത ആനുകൂല്യം നൽകുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | **ഉണ്ട്.** |
| (സി) | പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനുവേണ്ട കൃഷി ഭൂമിയുടെ വിസ്തൃതി എത്രയാണെന്നും നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ? | (സി) | **നെൽക്കൃഷിക്ക് ഭൂവിസ്തൃതിയുടെ പരിധി കണക്കാതെ തന്നെ കർഷകർക്ക് പ്രസ്തുത ആനുകൂല്യം നൽകി വരുന്നു. മറ്റ് മാനദണ്ഡങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:**<br><br>a. 30 സെന്ററിൽ കുറയാതെ കൈവശഭൂമിയുള്ളവരും അതിൽ 75% ൽ കുറയാതെ കൃഷിചെയ്തിട്ടുള്ളതുമായ കർഷകർ<br><br>b. 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്തിട്ടുള്ള കർഷകർ<br><br>c. 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്തിട്ടുള്ള കർഷകർ |

സെക്ഷൻ ഓഫീസർ